(ജെ) മുട്ടത്തൊടി ഭവന പദ്ധതിയിൽ ആകെ നിർമ്മിച്ച 114 ഫ്ളാറ്റുകളിൽ 4 ഫ്ളാറ്റുകൾ മാത്രമേ അലോട്ട് ചെയ്യാൻ ബാക്കിയുള്ളൂ.

ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് നടപടി

32 (1971) ഡോ. തോമസ് ഐസക് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള തുക സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ റോഡുകളിൽ സെസ് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റോഡ് വികസനത്തിനായുള്ള ലോകബാങ്ക് വായ്പ അഞ്ച് വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത്. തിരിച്ചടവിന്റെ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ തിരിച്ചടവിനുള്ള തുക വകയിരുത്തുന്നതാണ്.

(ബി) സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ നടപടി

33 (1972) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ മിക്ക റോഡുകളിലും ജംഗ്ഷനുകളിലും ആവശ്യമായ മുന്നറിയിപ്പുബോർഡുകൾ സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാഹന തിരക്കേറിയ തലസ്ഥാന നഗരിയിൽ പല സ്ഥലത്തും സീബ്രാ ലൈനുകൾ മാഞ്ഞുതുടങ്ങിയകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ബംപുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(ഇ) എന്നാൽ പലസ്ഥലത്തും ഇത്തരം മുന്നറിയിപ്പ് ബോർഡുകൾ വയ്ക്കാത്തതുമൂലം അപകടങ്ങൾ സംഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly